# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി IV

# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

### പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട്

2014 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്

(Presented on 2nd July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

## പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട്

2014 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്

(Presented on 2nd July, 2014)

788/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

## വിഷയനിർണ്ണയ സമിതി IV

(വ്യവസായവും ധാതുക്കളും)

(2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എ. എ. അസീസ്

,, ഹൈബി ഈഡൻ

,, എളമരം കരീം

,, സി. കൃഷ്ണൻ

,, സാജു പോൾ

,, വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV (വ്യവസായവും ധാതുക്കളും)-ന്റെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 24-4-2013-ലെ യോഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും അവയുടെ പ്രവർത്തനം പുനരവലോകനം ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 12-11-2013-ന് ചേർന്ന വിഷയനിർണ്ണയ സമിതി IV-ന്റെ യോഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട വിഷയം പരിഗണനയ്ക്കെടുക്കുകയും വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങളെ ആധാരമാക്കി വകുപ്പുതല ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്ന റിപ്പോർട്ടിന്റെ കരട് 7-5-2014-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച് വിഷയനിർണ്ണയ സമിതി IV നടത്തിയ പഠനത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

തിരുവനന്തപുരം,
2014 മേയ് 7.

**പി. കെ. കുഞ്ഞാലിക്കുട്ടി,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

# റിപ്പോർട്ട്

കേന്ദ്ര-സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്തിന്റെ വ്യവസായവൽക്കരണത്തിലും സർവ്വതോൻമുഖമായ വികസനത്തിലും സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സംഘടിത മേഖലയിലെ ഏറ്റവും വലിയ തൊഴിൽ ദാതാവാണ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങള്.

സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക വളർച്ച അനിവാര്യമാണ്. എന്നാൽ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം ഉദ്ദേശിച്ച നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 'വ്യവസായവും ധാതുക്കളും' സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV തീരുമാനിക്കുകയും ആദ്യപടിയെന്നനിലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തനം, പ്രവർത്തനമേഖലയിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകള്, പരിഹാര നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. 2013 നവംബർ 12-ന് ചേർന്ന സമിതി യോഗത്തിൽ പ്രസ്തുത വിഷയം വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച ചെയ്യുകയുണ്ടായി.

ഈ ചർച്ചകളിൽ സമിതി കണ്ടെത്തിയ കാര്യങ്ങളും അവയിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും സമിതി നൽകിയ ശുപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1993-ൽ രൂപംകൊണ്ട പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് നടപടികൾ സ്വീകരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള രൂപരേഖ തയ്യാറാക്കുക, പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, സ്ഥാപനങ്ങളുടെ പുനരുജ്ജീവനം, കർമ്മശേഷി വികസനം, നിയമനം, സുഗമമായ നടത്തിപ്പിനുള്ള സഹായം ലഭ്യമാക്കൽ എന്നിവയെല്ലാം റിയാബിന്റെ പ്രധാന ചുമതലകളിൽപ്പെടുന്നു.

സംസ്ഥാന വ്യവസായ വകുപ്പിനു കീഴിൽ 44 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ 37 എണ്ണം ഉൽപ്പാദനമേഖലയിലും ബാക്കി 7 എണ്ണം ഇതര മേഖലകളിലുമാണ് പ്രവർത്തനം നടത്തുന്നത്. ആകെയുള്ള 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 2012-2013 സാമ്പത്തിക വർഷത്തിൽ 22 എണ്ണം ലാഭത്തിലായിരുന്നു. എന്നാൽ 2013-2014 സാമ്പത്തികവർഷം പകുതിയിൽ 10 സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. വർഷാവസാനത്തോടെ കൂടുതൽ സ്ഥാപനങ്ങൾ ലാഭത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിലും മുൻവർഷങ്ങളിൽ

ഏറ്റവുമധികം ലാഭമുണ്ടാക്കിയിരുന്ന കെ.എം.എം.എല്‍.-ന്റെ ലാഭം ഗണ്യമായി കുറഞ്ഞതിനാല്‍ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ലാഭം കുറയുമെന്ന് സമിതി വിലയിരുത്തി.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രവര്‍ത്തനം അവലോകനം ചെയ്ത സമിതി അവയുടെ പ്രവര്‍ത്തനം കൂടുതല്‍ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വിലയിരുത്തി. 'വെയ്സ് ആന്റ് മീന്‍സ് ' ക്ലിയറന്‍സ് ലഭിക്കാത്തത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന പ്രശ്നമാണെന്നും സമയത്ത് തുക ലഭിക്കാതെ വരുമ്പോള്‍ ചെലവ് വര്‍ദ്ധിക്കുന്നതായും സമിതി മനസ്സിലാക്കി.

വ്യവസായവകുപ്പിന്റെ കീഴിലുള്ള പുതിയ സ്ഥാപനങ്ങള്‍ക്ക് 30 കോടി രൂപയെങ്കിലും അധികമായി അനുവദിക്കുകയാണെങ്കില്‍ അവയുടെ പ്രവര്‍ത്തനം സുഗമമാക്കാന്‍ സാധിക്കുമെന്ന് സമിതി വിലയിരുത്തി. സ്ഥലം ഏറ്റെടുക്കുന്നതിനായി കിന്‍ഫ്രയ്ക്ക് ബജറ്റില്‍ അനുവദിച്ച തുക പര്യാപ്തമല്ലെന്നും സമിതി മനസ്സിലാക്കി.

വ്യാപാര ഇടപാടുകളില്‍ കൂടുതല്‍ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്ന തിനായി ഒരു ലക്ഷം രൂപയ്ക്കുമേല്‍ വിലവരുന്ന എല്ലാ ഇടപാടുകളിലും 2012 ആഗസ്റ്റ് 1 മുതല്‍ വ്യവസായ വകുപ്പ് ഇ-പ്രൊക്യൂര്‍മെന്റ് സംവിധാനം ഏര്‍പ്പെടുത്തിയതിനെ സമിതി ശ്ലാഘിച്ചു. ഇന്ത്യയില്‍ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളില്‍ ഈ സംവിധാനം വഴി ഏറ്റവും കൂടുതല്‍ ഇടപാടുകള്‍ നടത്തിയത് കേരളത്തിലെ വ്യവസായ വകുപ്പിന്റെ കീഴില്‍ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലാണ്. 2013 സെപ്റ്റംബര്‍ വരെ ഈ സംവിധാനം വഴി നടന്ന ഇടപാടുകളുടെ വിശദാംശങ്ങള്‍ അനുബന്ധം ആയി ചേര്‍ത്തിരിക്കുന്നു.

മലബാര്‍ സിമന്റ്സ്, കെ.എം.എം.എല്‍. എന്നീ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം പരിശോധിച്ചതില്‍ കെ.എം.എം.എല്‍.-ലെ ഉല്‍പ്പാദന വിഭാഗത്തിന്റെ ഭരണസംവിധാനം അഴിച്ചുപണിയേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം കമ്പനിയുടെ പ്രവര്‍ത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന തിനാല്‍ സമീപഭാവിയില്‍ വിരമിക്കുന്ന മുതിര്‍ന്ന ഉദ്യോഗസ്ഥര്‍ക്ക് പകരമായി എക്സിക്യൂട്ടീവ് ട്രെയിനികളെ കാലേക്കൂട്ടി കണ്ടെത്തി നിയമിക്കേണ്ടത് ആവശ്യമാണെന്നും സമിതി മനസ്സിലാക്കി.

കാലപ്പഴക്കംചെന്ന യന്ത്രങ്ങളും പഴയ സാങ്കേതികവിദ്യയും മാത്രം കൈമുതലായുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ബജറ്റില്‍ തുക നല്‍കിയാണ് നിലനിര്‍ത്തി വരുന്നതെന്ന് സമിതി കണ്ടെത്തി. ഇവയുടെ പുനരുദ്ധാരണത്തിന് തുക പര്യാപ്തമല്ലാത്തതിനാല്‍ സഞ്ചിതനിധി മിച്ചമുള്ള സ്ഥാപനങ്ങളെയും സമാനമേഖലകളില്‍ പ്രവര്‍ത്തിക്കുന്ന മറ്റുസ്ഥാപനങ്ങളെയും സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകത സമിതി ചര്‍ച്ച ചെയ്തു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമിതി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകുന്നു.

## ശുപാർശകൾ

(1) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പുതിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കാൻ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(2) കിൻഫ്രയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. അതിനാൽ കൂടുതൽ തുക ലഭിക്കുന്നതിനായി രണ്ടുമൂന്ന് ബാങ്കുകൾ ഉൾപ്പെടുന്ന കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(4) പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം പൊതുമേഖലാ കമ്പനികളുടെ (പ്രത്യേകിച്ചും മലബാർ സിമന്റ്സ്, കെ.എം.എം.എല്. തുടങ്ങിയവ) പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വിരമിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്ക് പകരമായി എക്സിക്യൂട്ടീവ് ട്രെയിനികളെ കാലേക്കൂട്ടി കണ്ടെത്തി നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(5) പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപഭോഗത്തിന് സൗരോർജ്ജ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(6) കാലപ്പഴക്കംചെന്ന യന്ത്രങ്ങളും പഴയ സാങ്കേതികവിദ്യയും മാത്രം കൈമുതലായുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം ബജറ്റ് സപ്പോർട്ട് വഴി മാത്രം സാദ്ധ്യമല്ല. അതിനാൽ സഞ്ചിതനിധി മിച്ചമുള്ള സ്ഥാപനങ്ങളെയും സമാനമേഖലകളിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളെയും സംയോജിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(7) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നതിന് അനുയോജ്യരായ പങ്കാളികളെ കേന്ദ്ര സഹായത്തോടെ കണ്ടെത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

(8) ഐ.ആര്.ഇ.എല്.-ന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ ഐ.ആര്.ഇ.എല്.-ന്റെ ലീസ് ഒഴിവാക്കി വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ഖനനം ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

(9) ബജറ്റിൽ ടെക്സ്റ്റയിൽ മേഖലയ്ക്ക് പ്രത്യേകമായി അനുവദിച്ച 60 കോടി രൂപയിൽ 27 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാക്കി തുകയായ 33 കോടി രൂപ കൂടി ടെക്സ്റ്റയിൽ മേഖലയ്ക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(10) ടെക്സ്റ്റയിൽ മേഖലയുടെ ആവശ്യങ്ങൾ സമയബന്ധിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കണ്ടിജൻസി ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിനും പിന്നീട് അധിക ധനാഭ്യർത്ഥന വഴി ആയത് ക്രമീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2014 മേയ് 7.

**പി. കെ. കുഞ്ഞാലിക്കുട്ടി,**
*ചെയർമാന്,*
*വിഷയനിർണ്ണയ സമിതി IV.*